LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം സംരംഭങ്ങൾക്ക് എന്തെല്ലാം ഇളവുകളും ആനുകൂല്യങ്ങളുമാണ് സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കുമോ?

പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ശ്രേണീകരണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 20-6-2017-ലെ സ.ഉ.(എം.എസ്) 47/2017/വ്യവ, 14-8-2018-ലെ സ.ഉ.(എം.എസ്) 64/2018/വ്യവ എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടുള്ള ഇളവുകളും ആനുകൂല്യങ്ങളും ലഭ്യമാകുന്നതാണ്. (ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*)

ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് കോംപ്ലക്സിലെ പരിശീലന കോഴ്സുകൾ

140(409) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മൂന്നുമുക്ക് സ്റ്റീൽ പ്ലാന്റ് കോംപ്ലക്സിലെ പരിശീലന കേന്ദ്രത്തിൽ നിലവിൽ ഏതെല്ലാം പരിശീലന കോഴ്സുകളാണ് നടത്തി വരുന്നത്?

National Institute of Electronics and IT -യുടെ 'O' ലെവൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സും, National Scheduled Caste Finance Development Corporation (NSCFDC)-ന്റെ കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്കിംഗ് മാനേജ്മെന്റ് കോഴ്സും, SC/ST വിഭാഗത്തിൽപെട്ടവർക്കായി ഫിനിഷർ ഇൻ ബാംബൂ ഫർണിച്ചർ, ഹാന്റ്ലൂം വീവേഴ്സ് കോഴ്സ് എന്നിവയും നടത്തിവരുന്നു.

(ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് സ്റ്റീൽ പ്ലാന്റ് കോംപ്ലക്സിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ASPIRE (A Scheme for Promoting Innovation Rural Industries and Entrepreneurship)-ന്റെ ഭാഗമായി വസ്ത്ര, ഭക്ഷ്യ, കാർഷിക മേഖലകളിൽ മൂന്ന് യൂണിറ്റുകൾ തുടങ്ങുന്നതിനും യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ചെറുകിട സംരംഭകർക്ക് ഉത്പന്നങ്ങൾ ഉണ്ടാകുന്നതിനുള്ള പരിശീലനം, യന്ത്രങ്ങൾ നൽകൽ സ്റ്റീൽ കോംപ്ലക്സിലെ യന്ത്രങ്ങൾ ഉപയോഗപ്പെടുത്തുവാനുള്ള അവസരം ഒരുക്കൽ തുടങ്ങിയ പദ്ധതികൾക്ക് പുറമെ നിലവിലുള്ളതും, പുതു സംരംഭകർക്ക് സഹായകരവുമായ LIVELIHOOD INCUBATION പദ്ധതികൾ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.